# Athmaraksha.org

സന്ദേശം : യുവജനങ്ങൾ, മാതാപിതാക്കൾ, കുടുംബജീവിതക്കാർ

## കുട്ടികളുടെ മുറിയിൽ കമ്പ്യൂട്ടറുകൾ വേണ്ട-ഫ്രാൻസിസ് പാപ്പ



കുട്ടികളുടെ കിടപ്പുമുറികളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കരുതെന്ന് ഫ്രാൻസിസ്പാപ്പാ മാതാപിതാക്കളോട് പറഞ്ഞു. ഫ്രാൻസിസ്പാപ്പായുടെ സർജീവയിലെ ഒരു ദിവസത്തെ സന്ദർശനത്തിനു ശേഷമുള്ള മടക്കയാത്രയ്ക്കിടെയാണ് കമ്പ്യൂട്ടറുകൾ കുട്ടികളുടെ ആത്മാവിൽ ഏൽപ്പിക്കാവുന്ന മുറിവുകളെക്കുറിച്ച് പാപ്പാ പറഞ്ഞത്.
"കമ്പ്യൂട്ടറുകൾ കുട്ടികളുടെ സ്വാതന്ത്ര്യത്തെ ഇല്ലാതാക്കുന്നു. അവ നമ്മെ അടിമപ്പെടുത്തുന്നു" അദ്ദേഹം കൂട്ടിച്ചേർത്തു. സ്മാർട്ട് ഫോണിന് അടിമപ്പെട്ട് പരിസരം മറന്നു പോകുന്ന കുട്ടികളെക്കുറിച്ച് പാപ്പായ്ക്ക് ലഭിക്കാറുള്ള മാതാപിതാക്കളുടെ പരാതികളെക്കുറിച്ചും പാപ്പാ പറഞ്ഞു. "കുടുംബത്തോടൊപ്പം ഭക്ഷണത്തിന് ഇരിക്കുമ്പോഴും കുട്ടികളുടെ കൈയ്യിൽ സ്മാർട്ട് ഫോണാണ്" അദ്ദേഹം പറഞ്ഞു.
കുട്ടികൾ ഇന്റർനെറ്റിൽ കാണുന്ന കാര്യങ്ങൾ മാതാപിതാക്കൾ ജാഗ്രതയോടെ നോക്കിക്കാണണമെന്ന് പാപ്പാ പറഞ്ഞു. ഇന്റർനെറ്റിലെ എല്ലാകാര്യങ്ങളും നല്ലതല്ല. മൂല്യ ങ്ങൾ ഇല്ലാത്ത, ലൈംഗീകചിന്തകളെ ഉത്തേജിപ്പിക്കുന്ന കാര്യങ്ങൾ ഉണ്ടാകുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.
ഉപഭോഗസംസ്കാരമാണ് സമൂഹത്തിലെ ക്യാൻസർ എന്നദ്ദേഹം പറഞ്ഞു. ഇക്കാര്യങ്ങളെക്കുറിച്ച് അടുത്ത ചാക്രിയലേഖനത്തിൽ പ്രതിപാദിക്കുമെന്നും അദ്ദേഹം കൂട്ടിച്ചേർത്തു.
'കമ്പ്യൂട്ടറിനു മുൻപിൽ ചിലവഴിക്കുന്ന സമയത്തെക്കുറിച്ച് ബോധ്യമുണ്ടാവണം കുടുംബത്തിൽനിന്നും സമൂഹത്തിൽനിന്നും കലയിൽനിന്നും അകറ്റുന്ന കമ്പ്യൂട്ടറുകൾ കുട്ടികളിൽ മാനസികവൈകല്യം സൃഷ്ടിക്കുന്നു.'പാപ്പാ ടെലിവിഷൻ കാണാതിരിക്കാൻ തുടങ്ങിയിട്ട് രണ്ടു ദശകങ്ങളായി.
കിടപ്പുമുറികളിൽ കമ്പ്യൂട്ടറുകൾ സ്ഥാപിക്കാത്ത മാതാപിതാക്കളെ അഭിനന്ദിച്ചും മറ്റു മാതാപിതാക്കളോട് ഇക്കൂട്ടരെ കണ്ടുപഠിക്കണമെന്നും പറഞ്ഞ് പാപ്പ തന്റെ പ്രസംഗം അവസാനിപ്പിച്ചു.